# മിഷൻസൺഡേ ദിനത്തിലെ പ്രാർത്ഥന

ലോകം മുഴുവനും പോയി സകലരെയും ശിഷ്യരാക്കി കൊൾവിൻ എന്ന് കല്പിച്ചരുളി ചെയ്തവനായ ഞങ്ങളുടെ മശിഹാ തമ്പുരാനെ! അങ്ങയുടെ പ്രിയ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പൗരാണികമായ പരിശുദ്ധ സഭയിൽ, ആ കല്പന സമ്പൂർണ്ണമായി നിറവേറ്റുവാൻ ഞങ്ങളെ സഹായിക്കേണമെ. കർത്താവേ, അവിടുത്തെ അളവറ്റ കൃപയാൽ ഭാരതത്തിൽ പലയിടങ്ങളിലായി സഭ ആരംഭിച്ചിരിക്കുന്ന സകല മിഷൻ പ്രവർത്തനങ്ങളെയും അതിലെ പ്രവർത്തകരെയും വാഴ്ത്തി അനുഗ്രഹിക്കണമേ. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കണമെന്നുള്ള അവിടുത്ത കല്പന ആരാധനാ ജീവിതത്തിലും സുവിശേഷപരമായ പ്രവർത്തികളിലും അർത്ഥപൂർണ്ണമായും ആത്മാർത്ഥമായും നിർവ്വഹിപ്പാൻ ഞങ്ങളെ എല്ലാവരെയും അവിടുത്തെ ആത്മാവിനാൽ ശക്തീകരിക്കണമേ. അനാഥർ, നിരാലംബരായ വൃദ്ധജനങ്ങൾ, ദരിദ്രർ, അത്യാസന്നനിലയിലുള്ള മാരകരോഗികൾ, കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾ, എയിഡ്സ് രോഗികൾ, അവരുടെ കുഞ്ഞുങ്ങൾ, ആദിവാസികളുടെ കുട്ടികൾ എന്നിവർക്കായി സഭയുടെ മിഷൻ സൊസൈറ്റിയും, മിഷൻബോർഡും ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും കൂടുതൽ വിജയകരവും അനുഗ്രഹകരവുമാകുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. സുവിശേഷപരമായ പ്രവർത്തനങ്ങളിൽ അല്പമായോ അധികമായോ സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവരേയും വാഴ്ത്തി അനുഗ്രഹിക്കണമേ. അർപ്പണബോധവും ത്യാഗമനോഭാവവുമുള്ള അനേകരെ സുവിശേഷവേലയ്ക്കു വേണ്ടി അവിടുന്ന് വിളിച്ചു വേർതിരിച്ച് ശക്തീകരിക്കണമേ. സുവിശേഷവേലയ്ക്ക് ആരും ആവശ്യപ്പെടാതെ ദശാംശമെങ്കിലും കൊടുക്കുന്ന സഭാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമേ. ഞങ്ങളെ സമ്പൂർണ്ണമായി അങ്ങയുടെ വകയാക്കിത്തീർക്കണമേ. ആയത് ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടു തന്നെ ആമ്മീൻ.